**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 520**

**29.01.2019 - ൽ മറുപടിക്ക്.**

## മൂന്നാറിൽ പുതിയ വ്യവസായ സംരംഭങ്ങൾ

<u>ചോദ്യം</u>
ശ്രീ. എസ്. രാജേന്ദ്രൻ

<u>**മറുപടി**</u>
**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) മൂന്നാറിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;<br>(ബി) എങ്കിൽ ഇതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;<br>(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്നറിയിക്കാമോ ? | (എ), (ബി) & (സി) : ഈ സാമ്പത്തിക വർഷം പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം മൂന്നാറിൽ 9 വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. 2 ചെറുകിട വ്യവസായ സംരംഭങ്ങൾ മറ്റ് പദ്ധതികൾ വഴി ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. ഇവയുടെ ആകെ മുതൽ മുടക്ക് 38 ലക്ഷം രൂപയും 38 പേർക്ക് തൊഴിൽ ലഭിക്കുന്നതുമാണ്. ഈ സംരംഭങ്ങൾക്കായി ധനസഹായവും സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വിവിധ അനുമതിപത്രങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ വ്യവസായ വാണിജ്യ വകുപ്പ് ചെയ്തു വരുന്നു. ടി പദ്ധതികളുമായി ബന്ധപ്പെട്ട് ബാങ്കിൽ തീർപ്പാകാതെ കിടക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ബാങ്കുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ.

ജക/25/01